

# Jubilet

Jubilee Mission Medical College & Research Institute Since 1951 Vol. 10 Issue 2 February 2024

# Content
# ഉള്ളടക്കം


നമുക്കിടയിൽ 12

RESEARCH WINGS 18

എഡിറ്റോറിയൽ ........................................ 01

ജൂബിലി ഫെസ്റ്റ് ........................................ 03

ബയോ ഇൻഫർമാറ്റിക്സ് ലാബ് ........................................ 07

ഇന്ത്യ റിപ്പബ്ലിക് ആയതിന്റെ എഴുപത്തിയഞ്ചു വർഷങ്ങൾ ......... 09

പ്രകാശമാകാൻ ദീപം തെളിച്ച് നേഴ്സിങ്ങ് വിദ്യാർത്ഥികൾ ............ 10

സ്ത്രീകൾ മാറ്റിനിർത്തപെടേണ്ടവരല്ല ........................................ 15

സൗജന്യ നേത്ര പരിശോധനാക്യാമ്പ് ........................................ 17

കുഷ്ഠരോഗാവബോധം വളർത്തി ലെപ്രസി ഡേ ........................ 19

ബാലിക ധനമാണ് ........................................ 20

ഇന്ത്യൻ പുകയിലയും അൽഷിമേഴ്സും ........................................ 22

എസ്.പി.എസ്.എസ്. – ഡാറ്റശേഖരണവും വിശകലനവും ............ 24

പാലമൃത് ........................................ 33

Welcome TO JUBILEE FAMILY 26

DOCTOR'S CORNER 27

32



# രോഗികളിൽ ക്രിസ്തുവിനെ കാണുന്നവർ

നാം ഫെബ്രുവരി മാസത്തിലേയ്ക്കാണല്ലോ പ്രവേശിക്കുന്നത്. ഫെബ്രുവരി - മാസങ്ങളിൽ ഏറ്റവും ചെറിയ മാസം, ദിവസങ്ങൾ കുറവുമാണ്. ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം സന്തോഷിക്കാം. കാരണം, ശമ്പളം ഒരു ദിവസം മുമ്പെങ്കിലും ലഭിക്കും. മിച്ചം വയ്ക്കാൻ ശ്രമിക്കുന്നത് നല്ലത്.

രണ്ടാമതായി ഫെബ്രുവരിയിൽ രോഗീദിനം കൂടി ആചരിക്കുന്നു. ആശുപത്രികളെ സംബന്ധിച്ചും വളരെ പ്രാധാന്യമുണ്ട്. ചെറിയ ആശുപത്രിയായി തുടങ്ങി. ഇപ്പോൾ ബൃഹത്തായ മെഡിക്കൽ കോളേജായി എത്തിനിൽക്കുമ്പോൾ നമ്മുടെ രോഗീപരിചരണമേഖല വളരെ വിപുലമായിട്ടുണ്ട് എന്നത് യാഥാർത്ഥ്യം. രോഗികളിൽ ക്രിസ്തുവിനെ കണ്ടു ശുശ്രൂഷിക്കുന്ന നല്ല പതിവുകൾ നമുക്കുള്ളതുകൊണ്ടും ചിലവുകൾ കുറവായതുകൊണ്ടുമാണ്. ധാരാളം രോഗികൾ ഈ ആശുപത്രിയിൽ അഭയം തേടുന്നത്. നമ്മുടെ സമയവും കഴിവും സമ്പത്തും മറ്റുള്ളവർക്കും കൂടിയുള്ളതാണ്. പ്രത്യേകിച്ച് രോഗികൾക്കുള്ളതാണെന്ന അവബോധം നമുക്കുണ്ടാകട്ടെ.




മൂന്നാമതായി നാം നോമ്പിലേയ്ക്കാണ് പ്രവേശിക്കുക. ഏതാണ്ട് എല്ലാ മതങ്ങളിലും നോമ്പും ഉപവാസങ്ങളുമുണ്ട്. ക്രൈസ്തവർക്കും അമ്പതുനോമ്പ്, ഇരുപത്തിയഞ്ചുനോമ്പ്, പതിനഞ്ചുനോമ്പ്, മൂന്നു നോമ്പ് തുടങ്ങിയവയുണ്ട്. ഉപവാസം ശാരീരികമായും നല്ലതാണ്. വല്ലപ്പോഴും വയറിന് ഒരാശ്വാസം കൊടുക്കുന്നത് ആരോഗ്യം നിലനിർത്താനാവശ്യമാണ്. നമുക്കിഷ്ടമുള്ളത്, താത്പര്യമുള്ളത് ഉപേക്ഷിക്കുന്നതിലാണ് നോമ്പിന്റെ ചൈതന്യം ഉൾക്കൊള്ളുന്നത്. നോമ്പ് ജീവിതനവീകരണത്തിനും ആത്മീയ വളർച്ചയ്ക്കും ഉപകരിക്കും. നോമ്പ് ആചാരമല്ല അനുഷ്ഠാനമാകട്ടെ.

**ഫാ. പോൾ ആലപ്പാട്ട്**
പാസ്റ്റർ കെയർ ടീം.



# ജൂബിലി ഫെസ്റ്റ്

## സ്ഥാപകദിനാഘോഷവും കാരുണ്യപ്രവർത്തനങ്ങളും

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ എഴുപത്തിമൂന്നാമത് സ്ഥാപകദിനാഘോഷവും ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയന്റെ പൗരോഹിത്യ രജതജൂബിലിയും ആഘോഷിച്ചു. ജൂബിലി മിഷൻ ആശുപത്രി സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് സ്വാഗതം ആശംസിച്ച ചടങ്ങിൽ തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ചു. പ്രശസ്ത സിനിമാ സംവിധായകൻ സത്യൻ അന്തിക്കാട് ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. മാർ ആൻഡ്രൂസ് താഴത്തും സത്യൻ അന്തിക്കാടും














ചേർന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയനെയും അദ്ദേഹത്തിന്റെ മാതാപിതാക്കളേയും ആദരിച്ചു. വ്രതവാഗ്ദാന രജതജൂബിലി ആഘോഷിക്കുന്ന ജൂബിലിയിലെ സി. ആൻജൂലിയ സി.എം.സി, സി. ആൻസി ജോർജ്ജ് എഫ്. എസ്. എസ്. എച്ച്, എന്നീ സന്യസ്തരേയും ആദരിച്ചു. ജൂബിലിയിൽ 25 വർഷത്തെ സേവനം

പൂർത്തിയാക്കിയ സ്റ്റാഫുകളേയും കഴിഞ്ഞ വർഷം റിട്ടയർ ചെയ്ത സ്റ്റാഫുകളേയും ആദരിച്ചു. മണപ്പുറം ഫൗണ്ടേഷൻ സി. എസ്. ആർ. പദ്ധതിയുടെ ഭാഗമായി മൂന്ന് ഡയാലിസിസ് മെഷീനുകളും ജോസ് ആലുക്കാസ് 77 ലക്ഷം രൂപ ചിലവ് വരുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റും ആശുപത്രിക്ക് സ്പോൺസർ ചെയ്തു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, മെഡിക്കൽ സുപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ എന്നിവർ ആശംസകൾ നേർന്നു. നവജാതശിശുക്കൾക്ക് സഹായം നൽകുന്ന ജൂബിലി മിഷൻ ആശുപത്രിയുടെ 25 ലക്ഷം രൂപയുടെ പുതിയ പ്രോജക്റ്റായ ജൂബിലി കിന്റർ

























മിഷന്റെ ഉദ്ഘാടനം മണപ്പുറം ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ശ്രീ. വി. പി. നന്ദകുമാർ ഉദ്ഘാടനം ചെയ്തു. സത്യൻ അന്തിക്കാട് 'ഡോക്ടേഴ്സ് ആപ്' ഉദ്ഘാടനം ചെയ്തു. സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് മുഖ്യാതിഥി സത്യൻ അന്തിക്കാടിനെ ആദരിച്ചു. അസോ. ഡയറക്ടർ ഫാ. പോൾ പേരാമംഗലത്ത് നന്ദി പറഞ്ഞു. തുടർന്ന് നയനമനോഹരമായ കലാപരിപാടികളും അരങ്ങേറി.

## Congratulations!

ഇന്ത്യൻ കോളേജ് ഓഫ് റീപ്രൊഡക്റ്റീവ് മെഡിസിന്റെ ഫെല്ലോഷിപ്പ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ പ്രൊഫസർ



ഡോ. അശ്വത് കുമാറിന് ലഭിച്ചു. പ്രത്യുത്പാദന ചികിത്സാരംഗത്ത് കാഴ്ച്ചവെച്ച മികവിനും അർപ്പണബോധത്തിനുമാണ് ഡോ. അശ്വത് കുമാറിന് ഈ അംഗീകാരം ലഭിച്ചത്. ഈ ഫെല്ലോഷിപ്പ് ലഭിക്കുന്ന കേരളത്തിലെ ആദ്യത്തെ ഡോക്ടറാണ് ഡോ.അശ്വത് കുമാർ.



# വിപ്ലവകരമായ മാറ്റത്തിന് ബയോ ഇൻഫർമാറ്റിക്സ് ലാബ്



വ്യക്തിഗത ചികിത്സ കാലഘട്ടത്തിന്റെ ആവശ്യമാണെന്നും അത് രൂപപ്പെടുത്തുന്നതിൽ ബയോ ഇൻഫർമാറ്റിക്സ് ഗവേഷണം അവശ്യഘടകമാണെന്നും കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർ ഡോ. എം. കെ. ജയരാജ് അഭിപ്രായപ്പെട്ടു. തൃശ്ശൂരിലെ ജൂബിലി ഗവേഷണകേന്ദ്രത്തിൽ ബയോ ഇൻഫർമാറ്റിക്സ് ലാബ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒരു ലക്ഷം ജനങ്ങൾക്ക് 25 ഗവേഷകർ മാത്രമുള്ള കേരളം ശാസ്ത്ര ഗവേഷണങ്ങൾക്ക് ഊന്നൽ നൽകേണ്ടതുണ്ട്. രാജ്യത്തിന്റെ സ്ഥിതിയും ഇതുതന്നെയാണ്. ശാസ്ത്രഗവേഷണങ്ങൾക്ക് തുക ചിലവഴിക്കുന്നത് രാഷ്ട്ര





പുരോഗതിയ്ക്കും അത്യന്താപേഷിതമാണ്. പതിനാറായിരം കോർ ഉള്ള ജി. പി. യു. കമ്പ്യൂട്ടറും 10 അനുബന്ധ കമ്പ്യൂട്ടറുകളും ജപ്പാനിലെ റിക്കൻ ഇൻസ്റ്റിറ്റ്യൂട്ടിലെ സൂപ്പർ കമ്പ്യൂട്ടറിലേക്ക് പ്രവേശന ജാലകവുമുള്ള ബയോ ഇൻഫർമേറ്റിക്സ് ലാബാണ് ജൂബിലിയിൽ സജ്ജമാക്കിയിരിക്കുന്നത്.

ഉദ്ഘാടനചടങ്ങിൽ ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ചു. ജൂബിലി ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ റിസർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ വിശദീകരിച്ചു. ബയോ ഇൻഫർമാറ്റിക്സ് ലാബിനെക്കുറിച്ച് ഗവേഷകൻ ഡോ. ദിലീപ് വിജയൻ വിവരിച്ചു. ബയോഇൻഫർമാറ്റിക്സ് ഗവേഷണം ചികിത്സാരംഗത്ത് വരുത്തുന്ന വിപ്ലവകരമായ മാറ്റങ്ങളെക്കുറിച്ച് അസ്ഥിരോഗവിഭാഗം അസി. പ്രൊഫസർ ഡോ. കുരിയൻ ആലപ്പാട്ട് വിശദീകരിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ ആശംസകൾ അർപ്പിച്ചു. അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി വൈസ് ചാൻസലർക്ക് ഉപഹാരം നൽകി. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ സന്നിഹിതനായിരുന്നു.

റിസർച്ച് കോ-ഓർഡിനേറ്റർ ഡോ. പി. ആർ. വർഗ്ഗീസ് സ്വാഗതവും ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ് നന്ദിയും അർപ്പിച്ചു.





# ഇന്ത്യ റിപ്പബ്ലിക് ആയതിന്റെ എഴുപത്തിയഞ്ചു വർഷങ്ങൾ

ഇന്ത്യ സ്വതന്ത്ര പരമാധികാര റിപ്പബ്ലിക് ആയതിന്റെ എഴുപത്തിഅഞ്ചാം വാർഷികം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ജനുവരി 26-ന് ആഘോഷിച്ചു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ പതാകയുയർത്തി. ജൂബിലി മിഷൻ ഹോസ്പിറ്റൽ സ്റ്റാഫുകളും മെഡിക്കൽ കോളേജ് വിദ്യാർത്ഥികളും സെക്യൂരിറ്റി സ്റ്റാഫും സല്യൂട്ട് നൽകി പതാക ആദരിച്ചു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, പ്ലാസ്റ്റിക് സർജറി അസി. പ്രൊഫസറും, ഐ.എം.എ ജൂബിലി പ്രസിണ്ടന്റുമായ ഡോ. നവീൻ ഐസക് ജോൺ, ക്വാളിറ്റി അക്രഡിറ്റേഷൻ ചീഫ് കോഡിനേറ്റർ ഡോ. ആൻഡ്രൂസ് സി. വി., സെക്യൂരിറ്റി ഓഫീസർ വിൽസൺ പി. ജെ. എന്നിവർ ചടങ്ങിൽ പങ്കെടുത്ത് റിപ്പബ്ലിക് ദിന സന്ദേശം നൽകി. മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ ദേശഭക്തി ഗാനം ആലപിച്ചു. ദേശീയഗാനത്തോടുകൂടി റിപ്പബ്ലിക്ദിന പരിപാടികൾ സമാപിച്ചു.



# പ്രകാശമാകാൻ ദീപം തെളിച്ച് നേഴ്സിങ്ങ് വിദ്യാർത്ഥികൾ

ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങിലെയും നഴ്സിംഗ് സ്കൂളിലെയും വിദ്യാർത്ഥികളുടെ രോഗീപരിപാലനത്തിനുമുമ്പുള്ള (21 & 59 ബാച്ച്) വിളക്ക് തെളിയിക്കൽ ചടങ്ങ് ബിഷപ്പ് ആലപ്പാട്ട് ഓഡിറ്റോറിയത്തിൽ സംയുക്തമായി നടന്നു. ജൂബിലി മിഷൻ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ സ്വാഗതം പറഞ്ഞു.



തൃശ്ശൂർ സെന്റ് തോമസ് ഓട്ടോണമസ് കോളേജ് പ്രിൻസിപ്പൽ ഡോ. ഫാ. മാർട്ടിൻ കൊളമ്പ്രത്ത് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷപ്രസംഗം നടത്തി. തൃശ്ശൂർ ഗവൺമെന്റ് നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. തങ്കമണി വി. കെ.മുഖ്യപ്രഭാഷണം നടത്തി. ജൂബിലി മിഷൻ നഴ്സിംഗ് കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. സിസ്റ്റർ ഫിലോരശ്മിയും ജൂബിലി മിഷൻ നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ റവ. സി. റെജി അഗസ്റ്റിനും വിദ്യാർത്ഥികൾക്ക് ദീപങ്ങൾ




നൽകി. ജൂബിലി മിഷൻ നഴ്സിംഗ് കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ട്രീസ ആന്റോ നഴ്സുമാരുടെ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുക്കാരൻ, ജൂബിലി മിഷൻ ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, നഴ്സിംഗ് സൂപ്രണ്ട് സി. മെറ്റിൽഡ പോൾ, തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ ശ്രീമതി മേഴ്സി അജി, ജൂബിലി നഴ്സിംഗ് കോളേജ് പി. ടി. എ പ്രസിഡന്റ് ശ്രീ. ജോമി ടി. ജെ. എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.



# സ്വാഗതം

പുതിയ അസിസ്റ്റന്റ് ഡയറക്ടർ
**ഫാ. ജോയ്സൺ ചെറുവത്തൂരിന്**
ജൂബിലി കുടുംബത്തിലേയ്ക്ക് സ്വാഗതം



പുതിയ പാസ്റ്റർ കെയർ ടീം മെമ്പർ
**ഫാ. ജാക്സൺ ചാലക്കലിന്**
ജൂബിലി കുടുംബത്തിലേയ്ക്ക് സ്വാഗതം

# യാത്രാമംഗളങ്ങൾ



സ്നേഹ ബഹുമാനപ്പെട്ട
അസിസ്റ്റന്റ് ഡയറക്ടർ
**ഫാ. ഷിജോ മാപ്രാണത്തുകാരന്**
ജൂബിലി കുടുംബത്തിന്റെ കൃതജ്ഞതയും
യാത്രാമംഗളങ്ങളും




# കുട്ടികളിലെ സംസാര വൈകല്യം എങ്ങനെ തിരിച്ചറിയാം!!!

ഒരു കുഞ്ഞിന്റെ വളർച്ചയിൽ സമൂഹത്തിനും അതിന്റെ ചുറ്റുപാടിനും വലിയ പങ്കാണുള്ളത്.

മൂന്നു വയസ്സായ കുട്ടിക്ക് എല്ലാം അറിയാം. പക്ഷേ അറിയാവുന്ന കാര്യങ്ങൾ കൈ ചൂണ്ടി ചോദിക്കാറേയുള്ളൂ. നാലു വയസ്സുകാരി മിടുക്കി. പക്ഷേ ഉച്ചരിക്കുന്ന വാക്കുകൾ കുറവ്, സ്ഫുടമായി സംസാരിക്കുന്നില്ല. ഇതൊന്നും ഒറ്റപ്പെട്ട കേസുകളല്ല. അനേകം കുട്ടികൾക്ക് സംസാര വൈകല്യം എന്ന പ്രശ്നമുണ്ട്. പക്ഷെ ചികിത്സ തേടാൻ വൈകുന്നത് കൂടുതൽ കുഴപ്പത്തിലാക്കും.

ആശയവിനിമയത്തിന് പ്രധാനമായും മൂന്ന് മാർഗങ്ങളാണ്. സംസാരം (speech), ഭാഷ (language), ആശയവിനിമയ മാർഗ്ഗം (communication) എന്നീ മൂന്ന് കാര്യങ്ങളാണ് കുട്ടികൾക്ക് പ്രശ്നമുള്ളതായി കാണുന്നത്.

പാരമ്പര്യം, ജനിതക തകരാറുകൾ, കേൾവി കുറവ്, ജനന സമയത്തുള്ള പ്രശ്നങ്ങൾ, തലച്ചോറിന് ക്ഷതം സംഭവിക്കുക എന്നിവ കുട്ടികളിലെ സംസാരവൈകല്യത്തിന് കാരണമാകാം. സാധാരണ കുട്ടികളിൽ മേൽപ്പറഞ്ഞ കാരണങ്ങൾ ഒന്നുമില്ലാതെയും സംസാര വൈകല്യം ഉണ്ടാകാറുണ്ട്. അമിതമായ മൊബൈൽ ഫോൺ ഉപയോഗം, മൊബൈൽ ഗെയിമുകൾ,

ടി.വി.യുടെ അമിത ഉപയോഗം എന്നിവയും കാരണമാകാറുണ്ട്. ഇത് ഒഴിവാക്കുകയും യഥാസമയം ചികിത്സ തേടുകയും ചെയ്യുന്നതാണ് ഉത്തമം.

**ഒരു വയസ്സ് : വാക്കുകൾ പറഞ്ഞ് തുടങ്ങും.**

**രണ്ടു വയസ്സ് : രണ്ടു വാക്ക് കൂട്ടി വാക്യം പറയും.**

**മൂന്നു വയസ്സ് : മൂന്നു വാക്ക് കൂട്ടി പറയും.**

**നാലു വയസ്സ് : കഥകൾ പറയും.**

**അഞ്ചു വയസ്സ് : അനുഭവങ്ങൾ പറയും.**

സാധാരണ കുട്ടികളുടെ സംസാരം ഇപ്രകാരം ആണ്.

1. ഒരു വയസ്സായിട്ടും കുട്ടി ആശയവിനിമയത്തിന് കൈ ചൂണ്ടുക/ babbling ചെയ്യുന്നില്ല.
2. ചെറിയ നിർദ്ദേശങ്ങൾ പോലും മനസ്സിലാക്കുന്നില്ല.
3. രണ്ടു വയസ്സായിട്ടും രണ്ടു വാക്ക് ചേർത്ത് വാക്യം സംസാരിക്കുന്നില്ല.
4. മൂന്നു വയസ്സിൽ മൂന്നു വാക്ക് ചേർത്തു ഉച്ചരിക്കുന്നില്ല.

കുട്ടികളിൽ ഈ കാര്യങ്ങൾ നാം പ്രത്യേകം ശ്രദ്ധിക്കണം.



കുഞ്ഞിന്റെ വളർച്ച, ഹോർമോൺ തകരാറുകൾ എന്നിവ പരിശോധിക്കുകയും മറ്റ് ആരോഗ്യ പ്രശ്നങ്ങളൊന്നും ഇല്ല എന്ന് ഉറപ്പിക്കേണ്ടതും പ്രധാനമാണ്. ഇക്കാര്യത്തിനായി ഒരു ശിശുരോഗ വിദഗ്ധനെ കാണണം. ഒപ്പം തന്നെ സ്പീച്ച് ലാംഗ്വേജ് പെത്തോളജിസ്റ്റിനെ (speech language pathologist) കൊണ്ട് പരിശോധിപ്പിക്കുകയും വേണം.

സംസാര വൈകല്യത്തിന് ആവശ്യമായ ചികിത്സ തെറാപ്പിയാണ്. ഒരു സ്പീച്ച് തെറാപ്പിസ്റ്റിന്റെ സേവനം തീർച്ചയായും തേടണം. ചികിത്സ തേടാൻ വൈകുമ്പോൾ, വൈകല്യം മാറുന്നതും വൈകും. സ്കൂളിൽ പോകാൻ തുടങ്ങുമ്പോൾ തനിയെ മാറും എന്ന് കരുതി പരിശോധിക്കുവാനും ചികിത്സിക്കുവാനും വൈകരുത്.



ഇത്തരത്തിലുള്ള കുട്ടികൾക്കുള്ള സ്പീച്ച് തെറാപ്പി സേവനങ്ങൾ ജൂബിലി മിഷൻ ഹോസ്പിറ്റലിൽ സെന്റ് തോമസ് ബ്ലോക്കിലെ ഒന്നാം നിലയിൽ തിങ്കൾ മുതൽ ശനി വരെ ലഭ്യമാണ്. കുട്ടികൾ താൽപ്പര്യം കാണിക്കുന്ന കളികളിലൂടെയാണ് (structured and non structured activities) ചികിത്സ.

ചികിത്സയ്ക്കൊപ്പം കുട്ടികളുടെ മാതാപിതാക്കൾ, അടുത്തിടപഴകുന്നവർ ഒപ്പം കളിക്കുവാനും ശ്രമിക്കുക. കുഞ്ഞുങ്ങൾ ആഹാരം കഴിക്കുന്ന സമയം, ഫോൺ കാണിച്ച് കഴിപ്പിക്കുന്നത് ഒഴിവാക്കുക. പകരം കഥകളും പാട്ടുകളുമായി കുഞ്ഞുങ്ങളെ കഴിപ്പിക്കാൻ ശ്രമിക്കുക. ഇത്തരം പ്രവർത്തനങ്ങളിലൂടെ നമ്മുടെ കുട്ടികളിൽ കാണപ്പെടുന്ന വൈകല്യങ്ങൾ ഒരു പരിധിവരെ കുറക്കാൻ സാധിക്കും

**റോസ്മേരി സി.ജെ.**
ഓഡിയോളജിസ്റ്റ് ആൻഡ് സ്പീച്ച് ലാംഗ്വേജ്
പത്തോളജിസ്റ്റ്

## യാത്രാമംഗളങ്ങൾ



സ്തുത്യർഹമായ സേവനത്തിനുശേഷം
യാത്ര പറയുന്ന **ഓമന എം. വി. യ്ക്ക്**
(സ്വീപ്പർ, പി.എച്ച്.സി. നടത്തറ)
ജൂബിലി കുടുംബത്തിന്റെ
യാത്രാമംഗളങ്ങൾ...




# സ്ത്രീകൾ മാറ്റിനിർത്തപ്പെടേണ്ടവരല്ല

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ 'ആഗ്നേയാ സ്റ്റുഡന്റ്സ് കൗൺസിലിന്റെ' നേതൃത്വത്തിൽ ജനുവരി 24-ാം തിയ്യതി നാഷണൽ ഗേൾ ചൈൽഡ് ഡേ ആഘോഷിച്ചു. മുഖ്യാതിഥികളായ ന്യൂ ഇന്ത്യൻ എക്സ്പ്രസ്സിന്റെ സീനിയർ കറസ്പോണ്ടന്റ് ശ്രീമതി ഗോപിക വി.യും മനോരമ ന്യൂസിന്റെ അസിസ്റ്റന്റ് ന്യൂസ് പ്രൊഡ്യൂസറുമായ ശ്രീമതി ജിഷ കല്ലിങ്കലും ഉദ്ഘാടന കർമ്മത്തിനു തിരികൊളുത്തി.

സ്ത്രീകൾ ഇന്ന് അവസരങ്ങളിൽ നിന്നും വേദികളിൽ നിന്നും കേവലം മാറ്റിനിർത്തേണ്ടവരല്ല, മറിച്ച് തങ്ങളുടേതായ സംഭാവനകളിലൂടെ ലോകത്തിന്റെ പുരോഗതിക്കായി മാറ്റുരയ്ക്കാൻ ചേർന്ന് പ്രവർത്തിക്കുന്ന മൂല്യ ഘടകങ്ങളുമാണെന്ന്, തങ്ങളുടേതായ ജീവിതങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട്, ശക്തവും ലളിതവുമായി വിശിഷ്ടവ്യക്തികൾ പങ്കുവെച്ചു. ഈ വർഷത്തെ ആശയം തന്നെ "Empowering Tomorrows Leaders" എന്നതാണ്.





അസിസ്റ്റന്റ് ഡയറക്ടറായ ഫാ. പോൾ ചാലിശ്ശേരിയും ജൂബിലി മിഷൻ WIMA അസോസിയേഷന്റെ പ്രസിഡന്റായ ഡോ. ബിജു ബാഹുലേയനും കോളേജ് പ്രിൻസിപ്പാളായ ഡോ. പ്രവീൺലാൽ കുറ്റിച്ചിറയും, സ്ത്രീകൾ സമൂഹത്തിൽ മാറ്റത്തിന്റെ ചുവടുകൾ സൃഷ്ടിക്കുന്നതിന്റെ ആഹ്ലാദവും പങ്കുവെച്ചു. കേവലം, ഒരു ദിവസത്തിൽ മാത്രം ഒതുങ്ങേണ്ടതല്ല സ്ത്രീ എന്ന ആഘോഷം മറിച്ച് എല്ലാ ദിനവും സ്ത്രീയുടേത് തന്നെയാണ് എന്നത് ശക്തമായി തങ്ങളുടെ വാക്കുകളിലൂടെ ശ്രോതാക്കളിലേക്കെത്തിച്ചു.

കൂടാതെ, കൗൺസിൽ അംഗങ്ങളും ജൂബിലി വിദ്യാർത്ഥികളായ നിവേദിതയും, മിഷേലും തങ്ങളുടേതായ ആശയങ്ങൾ പങ്കുവെച്ചു. വളരെ ലളിതവും എന്നാൽ നല്ലൊരു നാളേയ്ക്കായുള്ള സ്ത്രീകളുടെ ഉന്നമനത്തിനായും ആശംസിച്ചുകൊണ്ട് യോഗം പര്യവസാനിച്ചു.






# സൗജന്യ നേത്ര പരിശോധനാ ക്യാമ്പ്

## @ വേലൂപ്പാടം

ജനുവരി 12-ാം തീയതി വേലൂപ്പാടം സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് സൗജന്യ നേത്ര പരിശോധനാക്യാമ്പ് നടത്തി. പി. ടി. എ., എൻ. എസ്. എസ്., സാന്ത്വനം ട്രസ്റ്റ് എന്നിവയുമായി സഹകരിച്ച് രാവിലെ 9 മണി മുതൽ ഉച്ച തിരിഞ്ഞ് ഒരു മണി വരെയാണ് ക്യാമ്പ് നടത്തിയത്. ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. 66 രോഗികളെ പരിശോധിച്ചു. അഞ്ച് രോഗികളെ വിശദമായ പരിശോധനയ്ക്കായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്തു.








# JOURNAL CLUB



JCMR organized the 68th Journal club meeting on 17th January 2024 at New CCM Hall. The speaker on the occasion was Dr. Radhika Kannan, Asst. Prof. Dept. of Community Medicine. The topic for the presentation was based on an article published in the journal 'BMJ open Diabetes Research & Care' in the year 2020 titled "Association of dairy consumption with metabolic syndrome, hypertension and diabetes in 147812 individuals from 21 countries".

Dr. Susheela, Dr. Vimal Vincent and Dr. Preethi Shenoy participated in the discussion and commented on the food frequency criteria, selection of dairy products and genetic predisposition in the study.




# കുഷ്ഠരോഗാവബോധം വളർത്തി

# ലെപ്രസി ഡേ

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ഡെർമറ്റോളജി & വെനറോളജി വിഭാഗത്തിന്റെ സംഘടനാപ്രവർത്തനങ്ങളുടെ കീഴിൽ ലോക കുഷ്ഠരോഗദിനം ആചരിച്ചു. ഡെർമറ്റോളജി വിഭാഗം മേധാവി പ്രൊഫ. ഡോ. മേഴ്സി പോൾ സ്വാഗതം ആശംസിച്ച പരിപാടി ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, വൈസ് പ്രിൻസിപ്പൽ ഡോ. ചെറിഷ് പോൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ഡെർമറ്റോളജി വിഭാഗം റെസിഡന്റുമാരായ ഡോ. കാവ്യ, ഡോ. അപർണ, ഡോ. ഫാത്തിമ, ഡോ. ടിയ എന്നിവരുടെ നേതൃത്വത്തിൽ കുഷ്ഠരോഗത്തിന്റെ ക്ലിനിക്കൽ സ്ഥിതിവിവരക്കണക്കുകൾ, ചികിത്സ, സാധ്യമായ സങ്കീർണ്ണതകൾ എന്നിവയുൾപ്പെടെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന കുഷ്ഠരോഗത്തെക്കുറിച്ചുള്ള വിജ്ഞാനപ്രദമായ സംഭാഷണങ്ങളുടെ ഒരു പരമ്പര തുടർച്ച മെഡിക്കൽ എജ്യുക്കേഷൻ (സി.എം.ഇ.) സെഷനിൽ ഉൾപ്പെടുത്തിയിരുന്നു. ഈ സംരംഭം മെഡിക്കൽ കമ്മ്യൂണിറ്റിയിൽ കുഷ്ഠരോഗത്തെക്കുറിച്ചുള്ള അറിവ് പങ്കിടുന്നതിനും അവബോധം വളർത്തുന്നതിനുമുള്ള ഒരു വേദിയായി വർത്തിച്ചു. ഡെർമറ്റോളജി വിഭാഗം അസോ. പ്രൊഫസർ ഡോ. ഡേവിഡ് പുതുക്കാടൻ ഏവർക്കും നന്ദി അർപ്പിച്ചു.



# ബാലിക ധനമാണ്

2024 ജനുവരി 17 നു ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ദേശീയ ബാലിക ദിനം ശിശുരോഗ വിഭാഗത്തിന്റെ നേതൃത്വത്തിൽ ആഘോഷിച്ചു. നമ്മുടെ രാജ്യത്തെ പെൺകുട്ടികളുടെ ആരോഗ്യവും വിദ്യാഭ്യാസ നിലവാരവും വർദ്ധിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും സമൂഹത്തിൽ അവർ നേരിടേണ്ടിവരുന്ന വെല്ലുവിളികളെക്കുറിച്ചും ബോധവൽക്കരണം നടത്തുകയും ചർച്ച ചെയ്യുകയുമായിരുന്നു പരിപാടിയുടെ ലക്ഷ്യം. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, പീഡിയാട്രിക്സ് പ്രൊഫസർ ഡോ. വിനോദ് ജേക്കബ് ചെറിയാൻ, ഒബ്സ്റ്ററിക്സ് ആൻഡ് ഗൈനക്കോളജി പ്രൊഫസർ ഡോ. സറീന ഗിൽവാസ്, ഒഫ്താൽമോളജി സീനിയർ കൺസൾട്ടന്റ് ഡോ. ആൻഡ്രൂസ് സി വി, ഫോറൻസിക് വിഭാഗം പ്രൊഫസർ & HOD ഡോ. പദ്മകുമാർ കെ, പീഡിയാട്രിക്സ് പ്രൊഫസർ ഡോ. സഞ്ജീവ് കുമാർ തുടങ്ങിയവരുടെ സാന്നിധ്യത്തിൽ ധന്യമായ ചടങ്ങിൽ ശിശുരോഗ വിഭാഗം വാർഡിൽ നിന്നും, നാടിന്റെ ബാലികമാരുടെ ക്ഷേമത്തെ പ്രതിനിധീകരിച്ച് ബേബി സെറ മരിയയും മാതാപിതാക്കളും പങ്കെടുത്തത് അതിന് ഏറെ ഭംഗി നൽകി. ഹൗസ് സർജൻ ഡോക്ടർ ലിയ മേരി അവതാരികയായെത്തിയ പരിപാടി എം. ബി. ബി. എസ്. 21-ാം ബാച്ചിലെ എമ്മ വിജോയുടെ പ്രാർത്ഥന ഗാനത്തോടെ ആരംഭിച്ചു. ശിശുരോഗ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോക്ടർ അപർണ നമ്പൂതിരി





പ്പാട് ഹൃദ്യമായി സദസ്സിനെ സ്വാഗതം ചെയ്തു. മുഖ്യാതിഥികൾ മംഗളകരമായി വിളക്ക് തെളിയിച്ചതിനേത്തുടർന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ചടങ്ങ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ദേശിയ ബാലികാദിനം ആഘോഷിക്കേണ്ടതിന്റെ ആവശ്യകതയേക്കുറിച്ച് പീഡിയാട്രിക് അസോ. പ്രൊഫസർ ഡോ .രതി ശാന്തകുമാർ ഏറെ വിജ്ഞാനപ്രദമായ അവതരണം നടത്തി. ' A few things I would like to tell my girls' എന്ന വിഷയത്തെ ആസ്പദമാക്കി പെൺകുട്ടികളുടെ ശാക്തീകരണത്തിന്റെ ആവശ്യകത എത്രമാത്രം പ്രസക്തമാണെന്നതിനെ കുറിച്ച് ഒബ്സ്റ്ററിക് & ഗൈനെക്കോളജി വിഭാഗം അസോ. പ്രൊഫസർ ഡോക്ടർ ലോല രാമചന്ദ്രൻ ആലോചനാപ്രേരകമായ പ്രഭാഷണം നടത്തി. തുടർന്ന് എം. ബി. ബി. എസ്. 21-ാം ബാച്ചിലെ വിദ്യാർത്ഥികളുടെ ഏറെ മനോഹരമായ ഒരു നാടകം അരങ്ങേറി. പെൺകുട്ടികളുടെ ഉന്നമനത്തിനു തടസ്സം നിൽക്കുന്ന സാമൂഹ്യ ചിന്തകളെ വളരെ വ്യക്തതയോടെ അവർ സദസ്സിനു മുമ്പിൽ ആവിഷ്കരിച്ചു. തുടർന്ന് ഡോക്ടർ ഐശ്വര്യ HPV വാക്സിനുകളെ കുറിച്ച് ഉദ്ബോധകമായ പ്രഭാഷണം നടത്തി. ഡോക്ടർ ജെഫിയുടെ നന്ദി പ്രകാശന പ്രസംഗത്തോടെ പരിപാടി സമാപിച്ചു. ഭാരതത്തിലെ ഓരോ പെൺകുട്ടിക്കും ഭയം കൂടാതെ സ്വപ്നം കാണാൻ സാധിക്കുന്ന ഒരു നാളേക്ക് മുതൽക്കൂട്ടായിരുന്നു ഈ ആഘോഷം.





# ഇന്ത്യൻ പുകയിലയും അൽഷിമേഴ്സും





ഡോ. ദിലീപ് വിജയൻ



ഡോ. രമ്യ ചന്ദ്രൻ



ഡോ. ജയദേവി വാര്യർ



ഡോ. ഓം കുമാർ



ഡോ. സദാശിവൻ

മുതിർന്ന പൗരന്മാരിൽ (65 വയസ്സിനു മുകളിൽ) ഒമ്പതിൽ ഒരാൾക്ക് എന്ന തോതിൽ അൽഷിമേഴ്സ് രോഗം ബാധിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മസ്തിഷ്ക്ക കോശങ്ങൾ നശിച്ചുപോകുകയും അതുവഴി ഓർമ്മ നഷ്ടപ്പെടുന്നതുമായ അവസ്ഥയാണ് അൽഷിമേഴ്സ്. വ്യത്യസ്തങ്ങളായ രോഗാവസ്ഥയും രോഗലക്ഷണങ്ങളും ചികിത്സയെ സങ്കീർണമാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിൽനിന്നുള്ള ഗവേഷകരുടെ കണ്ടെത്തലുകൾ ശ്രദ്ധേയമായിരിക്കുകയാണ്. സസ്യങ്ങളിൽനിന്നും ലഭിക്കുന്ന തന്മാത്രകൾ ആരോഗ്യ സംരക്ഷണ രംഗത്ത് സുപ്രധാന പങ്കു വഹിക്കുന്നുണ്ട്. 'ഇന്ത്യൻ പുകയില' എന്നറിയപ്പെടുന്ന ലോബെലിയ ഇൻഫ്ളാറ്റ ചെടിയിൽനിന്നുള്ള തന്മാത്ര തലച്ചോറിലെ നാഡീകോശങ്ങളിലുള്ള മാംസ്യതന്മാത്രകളുമായി പ്രവർത്തിക്കുന്നതായി കണ്ടെത്തി. രാസസാമ്യത ഉപയോഗിച്ചുള്ള ടാർഗെറ്റ് ഫിഷിങ്ങ് രീതിയിലൂടെ പൈപ്പിരിഡിൻ ആൽക്കലോയിഡ് രാസവിഭാഗത്തിൽപെട്ട 'ലോബെലിൻ' എന്ന തന്മാത്ര കോളിൻ എസ്സ്റേസ്, എൻ. എം. ഡി. എ റിസെപ്റ്റർ എന്നീ മാംസ്യ തന്മാത്രകളുടെ പ്രവർത്തനം തടസ്സപ്പെടുത്താനും അതുവഴി തലച്ചോറിലെ നാഡീകോശങ്ങളെ സംരക്ഷിക്കാനും കഴിയുമെന്ന് എലികളിൽനിന്നും വേർതിരിച്ചെടുത്ത മസ്തിഷ്ക

കോശങ്ങളിൽ നടത്തിയ പഠനത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു. ഈ പ്രക്രിയയുടെ ഏറ്റവും ചെറിയ (അറ്റോമിക് തലത്തിലുള്ള) ഘടനയും പ്രവർത്തനവും മോളികുലാർ ഡോക്കിങ് എന്ന കംപ്യൂട്ടേഷണൽ ബയോളജി സാങ്കേതികവിദ്യ വഴിയും തിരിച്ചറിഞ്ഞു.



എലികളുടെ മസ്തിഷ്ക കോശങ്ങളിൽ നടത്തിയ പഠനങ്ങൾ വൈലി പ്രസിദ്ധീകരണമായ ഐ. യു. ബി. എം. ബി. ലൈഫ് ജേർണലിലും കമ്പ്യൂട്ടേഷണൽ ബയോളജി വഴി ചെയ്ത പഠനങ്ങൾ നേച്ചർ പ്രസിദ്ധീകരണമായ സയന്റിഫിക് റിപ്പോർട്ടിലും പ്രസിദ്ധീകരിച്ചു. ഐ. സി. എം. ആർ., സ്പൈസസ് ബോർഡ് എന്നിവയുടെ ധനസഹായത്തോടെ നടത്തിയ ഈ പഠനത്തിൽ ഡോ. രമ്യ ചന്ദ്രൻ, ഡോ. ദിലീപ് വിജയൻ (ഇരുവരും ജൂബിലി ഗവേഷണംകേന്ദ്രം), ഡോ. ജയദേവി വാര്യർ, ഡോ. സദാശിവൻ (ഇരുവരും ബയോടെക്നോളജി ആൻഡ് മൈക്രോബയോളജി വിഭാഗം, കണ്ണൂർ സർവ്വകലാശാല), ഡോ. ഓം കുമാർ (രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി) എന്നിവരാണ് പങ്കെടുത്തത്. ഡോ. രമ്യ ചന്ദ്രൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് ഏർപ്പാടാക്കിയ മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോ ആണ്.



# എസ്.പി.എസ്.എസ്.
## സോഫ്റ്റ്‌വെയർ ഉപയോഗിച്ച്
# ഡാറ്റ ശേഖരണ മാനേജ്മെന്റും വിശകലനവും

എസ്. പി. എസ്. എസ്. ഉപയോഗിച്ച് ഡാറ്റ ശേഖരണ മാനേജ്മെന്റും വിശകലനവും എന്ന വിഷയത്തെ ആസ്പദമാക്കി ജൂബിലി മിഷൻ നഴ്സിംഗ് കോളേജിലെ അധ്യാപകരുടെയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ കേരളത്തിലെ നഴ്സിംഗ് അധ്യാപകർക്കും രജിസ്ട്രേഡ് നഴ്സുമാർക്കും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കുമായി ശിൽപശാല നടത്തി. നഴ്സിംഗ് മേഖലയിലെ വിവിധ വിഭാഗങ്ങളിൽനിന്നും 83 പേർ പങ്കെടുത്തു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ശില്പശാല ഉദ്ഘാടനം ചെയ്തു. ജൂബിലി നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. എയ്ഞ്ചല ജ്ഞാനദുരൈ സ്വാഗതപ്രസംഗം നടത്തി. അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരൻ ആശംസകൾ അറിയിച്ചു. തുടർന്ന് എസ്. പി. എസ്. എസ്. ഉപയോഗിച്ച് ഡാറ്റ ശേഖരണ മാനേജ്മെന്റും വിശകല








നവും എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീഗോകുലം കോളേജ് ഓഫ് നഴ്സിംഗ്, മെഡിക്കൽ സർജിക്കൽ നഴ്സിംഗ് വിഭാഗം മേധാവി ഡോ. ഹെബ്സിബ പി., ജൂബിലി മിഷൻ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ, വൈസ് പ്രിൻസിപ്പൽ ഡോ. സി. ട്രീസ ആന്റോ എന്നിവർ ക്ലാസ്സുകൾ നയിച്ചു.





# ആദരാഞ്ജലികൾ!

ജനുവരി 16-ാം തീയതി ജൂബിലി മിഷൻ
കുടുംബത്തിൽനിന്ന്
വേർപിരിഞ്ഞുപോയ എഞ്ചിനീയറിംഗ്
ഡിപ്പാർട്ടുമെന്റിലെ ജനറൽ വർക്കർ
**ശ്രീ. ലിന്റോ ജോസിന്**
ജൂബിലി കുടുംബത്തിന്റെ ആദരാഞ്ജലികൾ.

# Welcome
TO JUBILEE FAMILY



| | |
|---|---|
| Dr. Shinto Devassy | M C Forensic Medicine |
| Dr. Jinju George | M C Biochemistry |
| Dr. Rani J S | M C Forensic Medicine |
| Dr. Jyothi Antony | Emergency Medicine |
| Dr. Nimil Mary Thomas | General Surgery |
| Dr. Athira Rajeevan | Obstetrics and Gynaecology |
| Dr. Meghna Merlin Motha | Plastic Surgery |
| Dr. Avani K S | Plastic Surgery |
| Dr. Vamsidharan I S | Nephrology |
| Dr. Joel Mathew | Emergency Medicine |
| Dr. Praise George | Clinmical Imunology & Rheumatology |
| Dr. Aaron Albert P | Surgical Oncology |

| | | | |
|---|---|---|---|
| Ms. Akshaya Shaji | Anaesthesia | Mr. Kishore E C | Canteen |
| Mr. Akash K G | Anaesthesia | Mrs. Reena Davis | Canteen |
| Ms. Reshma R | Anaesthesia | Mrs. Niji M G | Canteen |
| Ms. Sojitha Sunny | Anaesthesia | Mrs. Nimisha E R | Canteen |
| Ms. Aleesha Saj K | Anaesthesia | Mrs. Biji Joshy | Canteen |
| Ms. Nisani N M | Anaesthesia | Mrs. Anjali M R | Canteen |
| Mrs. Aiswarya C R | Anaesthesia | Mr. Anugrah M A | Maintenance |
| Mrs. Bincy P B | Auxiliary Nursing | Mrs. Maria George | Medical Records |
| Mrs.Angeetha Anto | Auxiliary Nursing | Mrs. Shima K M | Medical Records |

## NURSING

Mrs. Silla Yohannan
Mrs. Judiyat Maria Paulson
Ms. Mariya P A
Sr. Tintu Sebastian (Tintu M)
Ms. Elva Rose Paul
Ms. Brinol Christy K Sunny
Mrs. Fini Francis
Ms. Amrutha Babu
Ms. Sneha Paulson C
Ms. Jiya Skaria
Mrs. Riya K J
Mrs. Niji Johnson
Ms. Gloria P J
Ms. Jasmine V S
Mrs. Athulya Singh J
Ms. Nimisha Jose
Mrs. Akhila P B
Ms. Aswathy Suresh
Mrs. Jini John
Mrs. Liji M S
Mrs. Lavyamol Jose
Ms. Babitha Babu
Mrs. Steffy Varghese
Ms. Jismi John
Ms. Angel Jose
Mrs. Ansa Thomas
Ms. Rasika T R
Ms. Jacquelin Joby
Ms. Riya Raju




Artificial Intelligence, (AI) has recently started to gear-up all around and is well accepted in the world of pharmacological medicine as well. AI is a technology - based system involving various advanced tools and networks that can mimic human intelligence, but, it cannot replace human completely, contrary to popular belief.

**The infinite possibilities**

AI utilizes systems and software that can interpret and learn from the input data to make independent decisions for accomplishing specific objectives. It has the potential to revolutionize pharmacology by enhancing drug discovery & development, by assisting in decision making; determine the right therapy for a patient, including personalized medicines and thus




aiding in rational drug therapy; Assisting in the designing and execution of clinical trials, manage the clinical data generated and lot more. Let's double click into it.

## Quicker and cheaper drug discovery with AI

The process of discovering and developing a drug can take over a decade and costs US$2.8 billion on average. Even then, nine out of ten therapeutic molecules fail Phase II clinical trials and regulatory approval!! AI can recognize hit and lead compounds, and provide a quicker validation of the drug target and optimization of the drug structure design!!

Molecular modeling and virtual screening techniques can be employed to design targeted compounds based on the three-dimensional structure of key receptors and enzymes. Combinatorial chemistry, combined with high-throughput screening and computerized analysis, can generate a vast number of compounds for testing.

Cell-based in vitro assays are often used as preliminary studies, followed by animal studies to identify the toxicity of a compound, increasing the expense of drug discovery. Several




web-based tools, are available to help reduce the cost to the company and in effect, to the patients!!

## Drug delivery optimized by AI

AI-based nanorobots for drug delivery integrated circuits, sensors, power supply, and secure backup of data, which are maintained via computational technologies. They are programmed to avoid the collision, target identification, detect and attach, and excretion from the body. Advances in nano/microrobots give them the ability to navigate to the targeted site based on physiological conditions, such as pH, thus improving the efficacy and reducing systemic adverse effects!!

## AI integrated Personalized medicine

Pharmacogenomics, the study of how an individual's genetic makeup affects their response to drugs, can be integrated with AI to develop personalized treatment plans. AI algorithms can analyse genetic and clinical data to predict an individual's response to specific drugs and optimize dosages!!

AI can also aid in identifying potential drug-drug interactions and adverse drug reactions based on an individual's genetic profile!!

## AI assisted Drug repurposing

AI algorithms can analyze large databases of existing drugs and identify potential new uses for them, accelerating the process of drug repurposing. By identifying new therapeutic indications for existing drugs, AI can help reduce the time and cost of developing new treatments, from the existing drugs and thus opens a wide world of cost-effective treatment options for the patients!!

## AI supported Clinical Pharmacology decisions

AI can assist healthcare professionals in making evidence-based treatment decisions by analysing patient data, medical literature, and clinical guidelines in a huge way. Machine learning algorithms can help predict patient outcomes, identify disease patterns, and optimize treatment plans. AI-powered systems can provide real-time alerts and recommendations to healthcare professionals, improving patient safety and outcomes!!



## AI and pharmacovigilance

AI can analyse large volumes of data from electronic health records, social media, and other sources to detect and monitor adverse drug reactions. Natural language processing and machine learning algorithms can identify and classify adverse events, enabling early detection and intervention. AI can also help in pharmacovigilance by identifying potential safety signals and can also aid in the timely reporting of the adverse events!!

## The pain points

Success of AI depends on the availability of a substantial amount of data because these data are used for the subsequent

training provided to the system. Access to data from various database providers can incur extra costs to the user and the data should also be reliable and high quality to ensure accurate result prediction.

Other challenges that prevent full-fledged adoption of AI include the lack of skilled personnel to operate AI-based platforms, limited budget for small organizations, apprehension of replacing humans leading to job loss, skepticism about the data generated by AI, which should be addressed with full attention!!

**The AI-istic future…**

The future looks bright and promising. The day is not too far away, when we could get to see an AI based medical




representatives knocking our doors, an AI model assisting in the clinical trials, or in which the drugs can be tested or an AI based software, which does the audit of our prescriptions or which reports the adverse events on its own!!

But, let us promise to keep our integrity and intentions, as pure as now, forever and let the humanity wins over every other thing that comes its way!!

**Dr. Faiza A Salam**
Senior Resident, Pharmacology




Together,
We are the
Patient Experience !

പ്രിയപ്പെട്ട ശ്യാം ഡോക്ടർ,
സ്നേഹ സഹോദരിമാർ, ഡയാലിസിസ് സുഹൃത്തുക്കൾ,

രോഗത്തിന്റെയും, വേദനയുടെയും,
ദുഃഖത്തിന്റെയും, നാളുകളിൽ
സ്നേഹം തുളുമ്പുന്ന തലോടലാലും
ഒരു ഭേദവുമില്ലാതെ,
അനേകർക്ക് കരുതലും സ്നേഹവും
രക്ഷയും ആശ്വാസവും പകർന്നു
നൽകിയ പ്രിയപ്പെട്ടവർക്ക്
ഒത്തിരി നന്ദി - നിങ്ങളെക്കുറിച്ചുള്ള
ഓർമ്മകൾ എന്നും മനസ്സിന്റെ
മണിച്ചെപ്പിൽ ഒരു മയിൽപ്പീലിത്തുണ്ടുപോലെ
സൂക്ഷിക്കും. എല്ലാവർക്കും നന്മ
മാത്രം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഒട്ടേറെ ദുരിത ജീവിതങ്ങളുടെ
സാന്ത്വനമായി ഒഴുകിയ ആ
സ്നേഹ നദിയാണ് - ശ്യാം ഡോക്ടറും
ഡയാലിസിസ് യൂണിറ്റിലെ
സ്നേഹ സഹോദരിമാരും നിങ്ങൾക്ക് -

- ഒത്തിരി സ്നേഹത്തോടെ,
നന്ദിപൂർവ്വം,
ജോളി.



# പാലമൃത്

പാൽ മധുര രസവും സ്നിഗ്ദ്ധവുമാണ്, ഓജസിനു ഹിതവും ധാതുക്കളെ വർദ്ധിപ്പിക്കുന്നതും വാതപിത്തങ്ങളെ ശമിപ്പിക്കുന്നതും ശുക്ലത്തെ പോഷിപ്പിച്ച് പൗരുഷത്തെ ഉണ്ടാക്കുന്നതും ശീത വീര്യവും ശരീരബല വർദ്ധനവ് ഉണ്ടാക്കുന്നതുമാണ്. ഇതെല്ലാം പാലിനെ കുറിച്ച് ആയുർവേദത്തിൽ പരാമർശിക്കുന്ന കാര്യങ്ങളാണ്.

പാലിനെ ആയുർവേദം ഒരു ആഹാരദ്രവ്യമായും ഔഷധ ദ്രവ്യമായും കാണുന്നു. അധികമായാൽ അമൃതും വിഷം എന്ന തത്വമനുസരിച്ച് എന്നും പാൽ കുടിക്കാമോ എന്ന ചോദ്യത്തിന് പ്രസക്തിയില്ല എന്ന് തോന്നുന്നു. പിന്നെ പാൽ ചുരത്തുന്നത് അതിൻെറ കിടാവിന് കുടിക്കാൻ ആണ്; അല്ലാതെ മറ്റുള്ളവർക്ക് കഴിക്കാൻ ഉള്ളതല്ല എന്ന് പറയുന്നതിനോട് അല്പം വിയോജിപ്പുണ്ട്. വൃക്ഷങ്ങൾ ഫലങ്ങൾ ഉണ്ടാക്കുന്നത് അവയുടെ വംശം നിലനിർത്താൻ ആണ്, അല്ലാതെ മറ്റുള്ളവർക്ക് ഭക്ഷണം ആയിക്കോട്ടെ എന്ന് വിചാരിച്ചിട്ടല്ല; എന്നാലും നാം അത് ഭക്ഷിക്കുന്നു. അത് ഒരു പ്രകൃതി നിയമമാണ്.



ആയുർവേദത്തിൽ വിവിധ മൃഗങ്ങളിൽ നിന്ന് ലഭിക്കുന്ന
പാലിന് വിവിധ ഉപയോഗങ്ങൾ ഉണ്ട്. ഉദാഹരണത്തിന് ഉറ
ക്കക്കുറവ് ഉണ്ടെങ്കിൽ എരുമപ്പാൽ കഴിക്കുന്നത് നല്ല ഉറക്കം
കിട്ടാൻ സഹായിക്കും, അതുപോലെ തന്നെ പ്രായമായവരിൽ
എല്ല് പൊളിയുന്ന തരത്തിലുള്ള വേദനകൾക്ക് ഉത്തമമാണ് എരു
മപ്പാൽ. ശ്വാസംമുട്ട് രോഗികൾക്ക് ഉപയോഗിക്കുവാൻ പറ്റിയ
പാൽ ആട്ടിൻപാൽ ആണ്. മുലപ്പാൽ കണ്ണിന്റെ ചികിത്സ
കൾക്ക് ഏറ്റവും നല്ല മരുന്നാണ്. ഇപ്പോൾ ഇതാ കഴുത
പാൽ സൗന്ദര്യ വസ്തുക്കളിൽ ഉപയോഗിച്ചു വരുന്നു. എന്നാൽ
പൊതുവേ പാൽ എന്ന് പറഞ്ഞാൽ പശുവിൻപാലിനെയാണ്
ഉദ്ദേശിക്കുന്നത്, ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി കഴി
ക്കാൻ നിർദ്ദേശിക്കുതും പശുവിൻ പാലാണ്. പശുവിൻ പാൽ
ജീവൻ നിലനിർത്തുന്നതും ശരീരത്തെ പുനർജീവിപ്പിക്കുന്ന
രസായനവും ആണ്. ശരീരത്തിന് ബലം നൽകി ബുദ്ധിവികാ
സത്തെ ഉണ്ടാക്കും. ക്ഷീണത്തെയും തലകറക്കത്തെയും വിഷ
ത്തെയും പശുവിൻ പാൽ ഇല്ലായ്മ ചെയ്യും. മുലപ്പാൽ വർദ്ധിക്കു
വാനും ഉത്തമമാണ്. കഠിനാധ്വാനം ചെയ്യുന്നവർക്കും ദീർഘ
കാല അസുഖങ്ങൾ മൂലം ക്ഷീണം അനുഭവിക്കുന്നവർക്കും
ബാലന്മാർക്കും വൃദ്ധന്മാർക്കും പാല് അമൃതം പോലെയാണ്.

പാൽ ഒരു സമ്പൂർണ്ണ ആഹാരം ആണ്. കെസിൻ തുടങ്ങിയ പ്രോട്ടീനുകൾ, റെറ്റിനോൾ, വൈറ്റമിൻ ഡി തുടങ്ങിയ കൊഴുപ്പുകൾ, ലാക്ടോസ് പോലെയുള്ള കാർബോഹൈഡ്രേറ്റുകൾ എന്നിവ അടങ്ങിയിട്ടുണ്ട്. മധുരത്തിന്റെ അളവ് നാൽക്കാലികളുടെ പാലിനേക്കാൾ മുലപ്പാലിൽ കൂടുതലാണ്. പിന്നെ വൈറ്റമിൻ സി ഒഴികെയുള്ള വൈറ്റമിനുകൾ, ധാതുലവണങ്ങളിൽ ഏറ്റവും കൂടുതൽ കാൽസ്യവും സോഡിയവും എന്നിവ പാലിലാണ് ഉള്ളത്. രോഗപ്രതിരോധശക്തി കൂട്ടുന്ന വിവിധ ഇമ്മ്യൂണോഗ്ലോബിലിനുകൾ, അമിനോ ആസിഡുകൾ എന്നിവയെല്ലാം പാലിൽ ഉണ്ട്. വളരുന്ന പ്രായത്തിലും മെനോപോസ് നേരിടുന്ന സ്ത്രീകളിലും വാർദ്ധക്യ അവസ്ഥയിലും കാൽസ്യത്തിന്റെ ആഗിരണം അത്യന്താപേക്ഷിതമാണ്. അസ്ഥിയുരുക്കം, ആർത്തവ സമയത്തെ വേദന മസിൽ കയറ്റം എന്നിവയ്ക്കും ഹൃദയാരോഗ്യത്തിനും പാൽ നല്ലതാണ്.



പാൽ കാച്ചുന്നതിന്റെ സാമാന്യ നിയമം അനുസരിച്ച് പകുതി വെള്ളം ചേർത്ത് കാച്ചി വെള്ളം വറ്റിച്ചെടുത്ത് ഉപയോഗിക്കുക എന്നതാണ്. അധികം വറ്റിച്ച് കുറുക്കിയ പാൽ ദഹിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു. കാച്ചാത്ത പാൽ കഫത്തെ വർധിപ്പിക്കുകയും ദഹനത്തിന് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യും, നല്ല രീതിയിൽ കാച്ചിയ പാൽ ഇതിന് വിപരീതമായിരിക്കും. പാൽ കറക്കുമ്പോൾ ചൂടോടുകൂടി ധാരയായി വരുന്ന പാൽ അമൃതിനു തുല്യമായിരിക്കും.

**രാവിലെ വെറും വയറ്റിൽ പാൽ കുടിക്കുന്നത് നല്ലതാണോ?**

ഇത് ദഹനപ്രക്രിയയെ മന്ദീപിപ്പിക്കുകയും ചിലരിൽ ഗ്യാസ് പ്രശ്നങ്ങൾ, വയറുവേദന, ഛർദ്ദി എന്നിവ ഉണ്ടാക്കുകയും ചെയ്യുന്നു. കുട്ടികളിൽ പ്രാതൽ കഴിക്കുവാനുള്ള വിമുഖതയും കണ്ടുവരുന്നു. രാവിലെ തന്നെ പാൽ കുടിച്ചാൽ അത് നമ്മെ ഉന്മേഷവാന്മാരാക്കുന്നതിനു പകരം ഉറക്കം തൂങ്ങുന്നവരാക്കും. ഏറ്റവും നല്ല സമയം വൈകീട്ടാണ്. അപ്പോൾ ദഹനത്തിന് ആവശ്യത്തിനു സമയം ലഭിക്കും.



## രാത്രിയിൽ പാൽ കുടിക്കുന്നത് നല്ലതാണോ?

പോഷകങ്ങൾ നിറഞ്ഞ പാനീയമാണ് പാൽ, കൂടാതെ അതിന്റെ ഗുരുത്വ ഗുണത്താൽ രാത്രിയിൽ നല്ല ഉറക്കവും രാവിലെ നല്ല ഉണർവും പ്രദാനം ചെയ്യാൻ കഴിയും. പാലിൽ കാണുന്ന ട്രപ്റ്റോഫാൻ മെലാട്ടോണിൻ തുടങ്ങിയ പ്രോട്ടീനുകൾ തലച്ചോറിലെ ഗാബാ റിസപ്റ്ററുകളെ പ്രേരിപ്പിച്ച് സമ്മർദ്ദവും ഉത്കണ്ഠയും ഇല്ലാത്ത ഉറക്കം പ്രദാനം ചെയ്യുന്നു.

## ചൂടുപാലാണോ തണുത്ത പാലാണോ നല്ലത്?

ഇത് കഴിക്കുന്ന ആളുടെ മുൻഗണനയും കൂടാതെ നിങ്ങളുടെ ശരീരത്തിൻെറ സഹിഷ്ണുതയും ഭക്ഷണശീലങ്ങളും അനുസരിച്ചിരിക്കും. പാലിന്റെ കൂടെ മറ്റ് എന്തെങ്കിലും ചേർത്ത് (തേൻ ഒഴികെ) ഉപയോഗിക്കുന്നുണ്ടെങ്കിൽ ചൂടോടെ കഴിക്കുന്നതാണ് നല്ലത്. നല്ല ഉറക്കം കിട്ടുവാനും ചൂടുപാൽ നല്ലതാണ്. തണുത്ത പാൽ (ഫ്രിഡ്ജിൽ വെക്കാത്തത്) രാത്രിയിൽ കഴിക്കുന്നത് മൂലം നിങ്ങളുടെ കാൽസ്യം മെറ്റബോളിസം വർദ്ധിച്ച് ആവശ്യമില്ലാത്ത കലോറികൾ (കൊഴുപ്പുകൾ) എരിച്ച് കളഞ്ഞു ശരീരഭാരം കുറയ്ക്കുവാൻ സഹായിക്കുന്നു. എന്നാൽ ശൈത്യകാലത്ത് രാത്രിയിൽ തണുത്ത പാൽ കഴിക്കുന്നത് ജലദോഷം, പനി, കഫക്കെട്ട് എന്നിവ ഉണ്ടാക്കിയേക്കാം.

## എല്ലാ ദിവസവും പാൽ കഴിക്കാമോ?

എല്ലാ ദിവസവും ഓരോ പ്രായക്കാരും ആവശ്യമായ അളവിൽ പാൽ കഴിക്കണം. നാം പാൽ കഴിക്കുന്നത് മറ്റേത് ആഹാര പദാർത്ഥങ്ങൾ കഴിക്കുന്നത് പോലെയാണ്. അതിൽ അടങ്ങിയിരിക്കുന്ന പോഷകാശംങ്ങൾ ശരീരത്തിന് ലഭിക്കുന്നതിനു വേണ്ടിയാണ് ഭക്ഷണം കഴിക്കുന്നത്.

### പാലിന്റെ കൂടെ കഴിക്കാൻ പറ്റാത്ത വിരുദ്ധമായ ആഹാര സാധനങ്ങൾ ഉണ്ടോ?

പാലിന്റെ കൂടെയോ അതിനു മുൻപോ ശേഷമോ ഭക്ഷിക്കാൻ പാടില്ലാത്ത ആഹാരസാധനങ്ങൾ തീർച്ചയായും ഉണ്ട്. മത്സ്യങ്ങൾ ഭക്ഷിച്ചതിന് മീതെ പാൽ കുടിക്കാൻ പാടില്ലാത്തതാണ്. അതിൽ ഏറ്റവും മാരകമായേക്കാവുന്നത് ചെമ്മീൻ ഭക്ഷിച്ചതിനു മീതെ പാൽ കുടിക്കുന്നതാണ്. അതുപോലെതന്നെ പുളിയുള്ള ഭക്ഷണസാധനങ്ങളുടെ കൂടെ പ്രത്യേകിച്ച് പഴവർഗങ്ങളുടെ കൂടെ (ഷെയ്ക്കുകൾ) പാൽ കുടിക്കാൻ പാടില്ല. മുതിര, തിന, വരഗ് എന്നിവയുടെ കൂടെയും പാൽ ഉപയോഗിക്കരുത്. പച്ചക്കറി ആയ മുള്ളങ്കി ഭക്ഷിച്ചതിനു ശേഷം പാൽ കുടിക്കരുത്.



### പാൽ കുടിക്കുന്നത് മൂലം കഫക്കെട്ട് ഉണ്ടാകുമോ?

ശരീരത്തിൽ നല്ല കഫവും ദുഷിച്ച കഫവും ഉണ്ട്. നല്ല കഫം രോഗപ്രതിരോധ ശക്തി വർധിപ്പിക്കുകയും ശരീരത്തിന് ദൃഢതയും ബലവും നൽകുകയും ചെയ്യുന്നു. ദുഷിച്ച കഫം നമ്മളെ രോഗത്തിന് അടിമയാക്കുന്നു. പാലിൽ അടങ്ങിയിരിക്കുന്ന നല്ല കഫത്തെ ശരീരം ആഗിരണം ചെയ്ത് ശരീരത്തിൽ മുമ്പ് സ്ഥിതി ചെയ്തിരുന്ന ദുഷ്ടമായ കഫത്തെ പാലിന്റെ തന്നെ സ്നിഗ്ദ്ധ ഗുണം കൊണ്ട് പുറന്തള്ളുകയും ചെയ്യുന്നത് സ്വാഭാവികമാണ്. അതുകൊണ്ടാണ് ചില ആളുകൾക്ക് രണ്ട് മൂന്ന് ദിവസം അടുപ്പിച്ച് പാൽ കഴിക്കുമ്പോൾ ചുമയും ജലദോഷവും വരുന്നത്. നല്ലൊരു വൈദ്യരെ കണ്ടു ശരീരത്തിൽ ഇരിക്കുന്ന ദുഷിച്ച കഫക്കെട്ടിനെ മരുന്നുകൾ ഉപയോഗിച്ച് പുറന്തള്ളിയതിനുശേഷം ദിവസവും നിശ്ചിത അളവിൽ പാൽ കഴിക്കാൻ സാധിക്കുന്നതാണ്. അതാണ് ചികിത്സയുടെ വിജയവും.

**ഡോ. ഹാർവിൻ ജോർജ്**
കൺസൾട്ടന്റ്, ജൂബിലി ആയുർവേദ
മിഷൻ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Chippy K S | Ms. Manisha A N | Mr. Joshi Paul




Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE